**No. CEE/4900/2015/KEAM-2016/TA1**


കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001


# <u>പത്രക്കുറിപ്പ്</u>

## <u>എം.ബി.ബി.എസ്/ബി.ഡി.എസ് സ്പോട്ട് അലോട്ട്മെന്റ് സംബന്ധിച്ച്</u>

സർക്കാർ/സർക്കാർ നിയന്ത്രിത സ്വാശ്രയ/ സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡന്റൽ കോളേജുകളിൽ ഒഴിവുള്ള സർക്കാർ സീറ്റുകൾ നികത്തുന്നതിനായി **<u>24.09.2016 (ശനിയാഴ്ച) രാവിലെ 10 മണിയ്ക്ക് തിരുവനന്തപുരം, ഗവ: മെഡിക്കൽ കോളേജ് കാമ്പസിലുള്ള ഓൾഡ് ഓഡിറ്റോറിയത്തിൽ</u>** വച്ച് നടത്തുന്ന സ്പോട്ട് അലോട്ട്മെന്റിൽ വിദ്യാർത്ഥികൾക്ക് പുതുതായി അലോട്ട്മെന്റ് ലഭിക്കുകയോ, ഉണ്ടായിരുന്ന അലോട്ട്മെന്റിന് മാറ്റം വരികയോ ചെയ്താൽ അവർ **26.09.2016 (തിങ്കളാഴ്ച) വൈകുന്നേരം 5 മണി**യ്ക്കകം പുതുതായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ പ്രവേശനം നേടിയിരിക്കണം. ആയതിനാൽ പുതുതായി അലോട്ട്മെന്റ് പ്രതീക്ഷിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അപ്പോൾ തന്നെ ഒടുക്കേണ്ട തുക, കോളേജുകളിൽ പ്രവേശനം നേടുന്ന സമയത്ത് ഒടുക്കേണ്ടുന്ന ബാക്കി ഫീസ്, മറ്റ് തുകകൾ, ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, പ്രവേശന യോഗ്യത തെളിയിക്കുന്ന മറ്റ് സർട്ടിഫിക്കറ്റുകൾ എന്നിവ കൈവശം കരുതണം. സ്പോട്ട് അലോട്ട്മെന്റിൽ സീറ്റ് എടുത്ത ശേഷം നിശ്ചിത സമയത്തിനകം പുതിയ കോളേജിൽ പ്രവേശനം നേടുന്നതിൽ വീഴ്ച വരുത്തുകയും അതുവഴി സീറ്റ് പാഴാക്കുകയും ചെയ്യുന്ന വിദ്യാർത്ഥികൾ പ്രോസ്പെക്ടസ് ക്ലോസ് 12.2.4 പ്രകാരം ലിക്വിഡേറ്റഡ് ഡാമേജസായി **10 ലക്ഷം** രൂപ (എം.ബി.ബി.എസ്)/ **5 ലക്ഷം** രൂപ (ബി.ഡി.എസ്) ഒടുക്കാൻ ബാധ്യസ്ഥരായിരിക്കും, ഇവരെ തുടർന്നുള്ള രണ്ടു വർഷത്തിൽ കവിയാത്ത കാലയളവിലേയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷ എഴുതുന്നതിന് വിലക്ക് ഏർപ്പെടുത്തുന്നതുമാണ്.

ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, മറ്റ് സർട്ടിഫിക്കറ്റുകൾ, അടയ്ക്കേണ്ടുന്ന ഫീസ് എന്നിവ ഇപ്പോൾ പ്രവേശനം നേടിയിരിക്കുന്ന കോളേജുകളിൽ നിന്നും തിരികെ വാങ്ങി പുതിയ കോളേജിൽ പ്രവേശനം നേടേണ്ടവർ അവ എത്രയും പെട്ടെന്ന് വാങ്ങി **<u>26.09.2016 (തിങ്കളാഴ്ച) വൈകുന്നേരം 5 മണി</u>**യ്ക്ക് മുൻപ് പുതിയ കോളേജിൽ പ്രവേശനം നേടുന്നതിന് ആവശ്യമായ മുൻകരുതലുകൾ എടുത്തിരിക്കേണ്ടതാണ്. പ്രവേശനത്തിനുള്ള സമയം ഒരു കാരണവശാലും ദീർഘിപ്പിച്ചു നൽകാൻ നിർവ്വാഹമില്ല.

**<u>ഓരോ കോഴ്സിലെയും ഒഴിവുള്ള സീറ്റുകളുടെ വിവരവും, ഓരോ കാറ്റഗറിയിലും ഏതു റാങ്ക് വരെയുള്ളവർക്ക് സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാമെന്നുള്ളതും സംബന്ധിച്ച വിശദാംശങ്ങൾ www.cee-kerala.org എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.</u>**

തിരുവനന്തപുരം
22.09.2016

**പ്രവേശന പരീക്ഷാ കമ്മീഷണർ**